# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2351**

**2014 ഡിസംബർ 9-ാം തീയതി മറുപടി നല്കേണ്ടത്**

**പുതിയ നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി**

**ചോദ്യം**

ശ്രീ. ബി. സത്യൻ

**ഉത്തരം**

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് പുതിയ നിർമ്മാണപ്രവൃത്തി കൾക്ക് ഭരണാനുമതി നൽകുന്നത് സാമ്പത്തിക പ്രതിസന്ധി കാരണം നിർത്തിവച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | സംസ്ഥാനത്ത് പുതിയ നിർമ്മാണ പ്രവർത്തികകൾക്ക് ഭരണാനുമതി നൽകുന്നത് നിർത്തിവച്ചിട്ടില്ല. |
| ബി) 2013-14, 2014,-15 സാമ്പത്തിക വർഷത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിയ കരാറുകാർക്ക് എത്ര കോടി രൂപയുടെ ബാദ്ധ്യതയാണ് കൊടുത്തുതീർക്കാനുള്ളത്; വിശദമാക്കാമോ; | ഭരണ വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 01.01.2014 മുതൽ 31.08.2014 വരെയുള്ള കാലയളവിലേയ്ക്ക് 1343.47 കോടി രൂപയും, ഇതേ കാലയളവിലേയ്ക്ക് പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 260.51 കോടി രൂപയും, ജലവിഭവ വകുപ്പിൽ 01.01.2014 മുതൽ 31.07.2014 വരെ 61.42 കോടി രൂപയും ഉൾപ്പെടെ ആകെ 1665.40 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട്. |
| സി) കരാറുകാരുടെ ഏതുമാസം വരെയുള്ള ബില്ലുകളാണ് ഇതുവരെ പാസാക്കി യിട്ടുള്ളതെന്ന് വിശദമാക്കാമോ; | കരാറുകാരുടെ 31.12.2013 വരെയുള്ള ബില്ലുകൾ മാറുന്നതിന് ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| ഡി) എം.എൽ.എ മാരുടെ മണ്ഡല ആസ്തിവികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾപോലും ഏറ്റെടുത്തു നടത്താൻ കരാറുകാർ താല്പര്യം കാണിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന കരാറുകൾക്ക് ബിൽ പാസ്സാക്കി നൽകുന്നതിനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്താമോ; വ്യക്തമാക്കാമോ? | ആസ്തിവികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികളുടെ ചെലവ്, ചീഫ് ഇഞ്ചിനീയർ കൺട്രോളിംഗ് ഓഫീസർ ആയുള്ള ശീർഷകങ്ങളിൽ നിന്നും വഹിക്കുന്നുണ്ട്. അത്തരത്തിലുള്ള ശീർഷകങ്ങളിൽ ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിക്കുന്നത് ബില്ലുകളുടെ സംസ്ഥാനതല മുൻഗണനാക്രമത്തിലാണ്. ബഹു. കേരളാ ഹൈക്കോടതിയുടെ CCC.803/2000 ന്റെയും അനുബന്ധ കേസുകളുടേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസഹായമുള്ള പദ്ധതികൾ, വിദേശ സഹായമുള്ള പദ്ധതികൾ, നബാർഡ് സഹായമുള്ള പദ്ധതികൾ എന്നിവ ഒഴികെയുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾക്ക് ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിക്കുന്നത് സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ്. ആയതിനാൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ പാസാക്കി നൽകുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നത് ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള കോടതി വിധികളുടെ ലംഘനമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ